ണത്തിനുള്ള നിർദ്ദേശങ്ങൾ നൽകുവാനും വ്യവസായികളെ ബോധവൽക്കരിക്കാനും നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ അസംസ്കൃത സാധനം ലഭ്യമാക്കാൻ ആർ.ഡി.ഒ.മാരെ ചുമതലപ്പെടുത്തുകയും പഞ്ചായത്തുതല കമ്മിറ്റിയെ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്.

റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾ

14 (2070)ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആരംഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) നിലവിലുള്ള റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും പുതിയ വ്യവസായങ്ങൾ ആരംഭിക്കുന്നതിനും സർക്കാർ എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഈ വർഷം ഈ മേഖലയിൽ എന്തൊക്കെ പദ്ധതികൾ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) ആരംഭിച്ചിട്ടുണ്ട്.

(ബി) റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾക്ക് പ്രത്യേക മുൻഗണന നൽകി ഇവയ്ക്ക് സ്ഥിരം മൂലധന നിക്ഷേപത്തിന്റെ 15% പരമാവധി 15 ലക്ഷം രൂപ വരെ സബ്സിഡി നൽകിവരുന്നു. റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുവാനായി വ്യവസായ വകുപ്പിന്റെ കീഴിൽ സംസ്ഥാനത്തുടനീളം ശിൽപ്പശാലകളും പ്രത്യേക വ്യവസായ സംരംഭകത്വ പരിശീലന പരിപാടിയും സംഘടിപ്പിച്ചുവരുന്നു. മഞ്ചേരിയിലെ റബ്ബർ അധിഷ്ഠിത ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന്റെ പ്രവർത്തനം മെച്ചമാക്കാൻ നടപടിയെടുത്തു. ചങ്ങനാശ്ശേരിയിലെ റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾക്കുള്ള കോമൺ ഫെസിലിറ്റി സെന്റർ ആധുനികവൽക്കരിച്ചു. എറണാകുളം ജില്ലയിലെ കുന്നത്തുനാട് താലൂക്കിൽ ഐരാപുരത്ത് റബ്ബർ ബോർഡ്, കിൻഫ്ര എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ റബ്ബർ പാർക്ക് സ്ഥാപിക്കുന്ന നടപടി ആരംഭിച്ചു കഴിഞ്ഞു. കൂടാതെ പ്ലാന്റേഷൻ കോർപ്പറേഷൻ, സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ എന്നിവയുടെ ആഭിമുഖ്യത്തിൽ എക്സാമിനേഷൻ ഗ്ലൗസ് റബ്ബറധിഷ്ഠിത കയർ ഫോം, കൺവേയർ ബെൽറ്റ്, ഫാർമസ്യൂട്ടിക്കൽ ക്ലോഷർ എന്നിവ ഉല്പാദിപ്പിക്കുന്ന യൂണിറ്റുകൾ ആരംഭിക്കാൻ നടപടി സ്വീകരിച്ചു വരുന്നു.

(സി) മേൽപ്പറഞ്ഞ പദ്ധതികളൊക്കെ നടപ്പിലാക്കി വരികയാണ്.

റബ്ബർ പാർക്കിന്റെ നിർമ്മാണ പ്രവർത്തനം

15 (2071)ശ്രീ. എം.പി. വർഗ്ഗീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ ഐരാപുരം റബ്ബർ പാർക്കിന്റെ നിർമ്മാണ പ്രവർത്തനം ഏതു ഘട്ടത്തിൽ ആണെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly